**മൂശാക്കാലം ഒന്നാം ഞായർ**
**മത്താ 25:31-46**

**അപരന് നല്കുമ്പോൾ**

**ഡോ. ജോസഫ് മണവാളൻ**

മത്തായി 23-25 അധ്യായങ്ങൾ യേശുവിന്റെ സുദീർഘമായ വിടവാങ്ങൽ പ്രഭാഷണമാണ്. ജെറുസലേം ദേവാലയമാണ് പശ്ചാത്തലം. യേശുവിന്റെ പീഡാസഹനത്തിന് മുൻപുള്ള ദിവസങ്ങളിൽ ആകാം ഇത് സംഭവിച്ചിരിക്കുക.

മത്തായി 24-25 അധ്യായങ്ങൾ യുഗാന്ത്യോന്മുഖതയുമായി ബന്ധപ്പെട്ടിരിക്കുന്നു (Eschatology). യേശുവിന്റെ ഈ പ്രഭാഷണത്തിൽ യജമാനൻ (യേശു) തിരിച്ചുവരുമ്പോൾ അവനെ സ്വീകരിക്കാനുള്ള തയ്യാറെടുപ്പിനെ ഊന്നിപ്പറയുന്ന നിരവധി ഉപമകളുണ്ട്: അവിശ്വസ്ത ദാസന്റെ ഉപമ (24:45-51); പത്തു കന്യകമാരുടെ ഉപമ (25:1-13); താലന്തുകളുടെ ഉപമ (25:14-30) etc. മത്തായി 24-25-ലെ യുഗാന്ത്യ പ്രഭാഷണത്തിന്റെ അവസാനഭാഗമാണ് ജനതകളുടെമേലുള്ള വിധി (Judgement on the Nations) എന്നറിയപ്പെടുന്ന മത്തായി 25:31-46.

**വ്യാഖ്യാനം**

***'മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടും കൂടെ മഹത്വത്തിൽ എഴുന്നള്ളുമ്പോൾ'* (v. 31)**

'മനുഷ്യപുത്രൻ' എന്ന സ്ഥാനപ്പേരും ദർശനവും ദാനിയേൽ 7:13-14-ൽ നിന്നാണ് വരുന്നത്. തന്നെക്കുറിച്ച് പരാമർശിക്കുന്നതിനുള്ള യേശുവിന്റെ പ്രിയപ്പെട്ട മാർഗമാണ് മനുഷ്യപുത്രൻ (8:20; 9:6; 10:23; 11:9; 12:8, 32, 40; 13:37, 41; 16:13, 2728 ; 17:9, 12, 22; 19:18; 20:18; 24:27, 30, 37, 39, 44; 25:31; 26:2, 24, 45, 64).

യേശുവിന്റെ ഒന്നും രണ്ടും വരവുകൾ തമ്മിലുള്ള വ്യത്യാസം ശ്രദ്ധേയമാണ്. തന്റെ ആദ്യ വരവിൽ, യേശു സ്വയം ശൂന്യനായി, ഒരു ദാസനായി ഈ ലോകത്തിലേക്ക് വന്നു (ഫിലി. 2:5-11). അവന്റെ രണ്ടാം വരവിൽ, യേശു തന്റെ എല്ലാ മഹത്വത്തോടെയും വരുന്നു. ഈ ഖണ്ഡികയിൽ നിരവധി ക്രിസ്റ്റോളജിക്കൽ സ്ഥാനപ്പേരുകൾ ഉൾപ്പെടുന്നു; മനുഷ്യപുത്രൻ (v. 31); ഇടയൻ (v. 32); രാജാവ് (v. 34, 40); കർത്താവ് (v. 37, 44).

***എനിക്ക് വിശന്നു ....നിങ്ങൾ എന്നെ സ്വീകരിച്ചു* (v. 35)**

ഭക്ഷണം, പാനീയം, ആതിഥ്യം, വസ്ത്രം, പരിചരണം, സന്ദർശനം എന്നിങ്ങനെ ആറ് കാരുണ്യപ്രവർത്തനങ്ങൾ ചെയ്തവർക്കാണ് രാജാവ് പിതാവിന്റെ അനുഗ്രഹം നൽകുന്നത്.

ദരിദ്രർക്ക് സേവനം എന്ന ആശയം തോറയുടെ പ്രമേയമാണ് (ലേവ്യ 19:9-10; നിയമ. 24:15; പുറ. 22:22). പ്രവാചകഗ്രന്ഥങ്ങളിലും ഇതിന് ഏറെ ഊന്നൽ നൽകിയിരിക്കുന്നു (ആമോ. 4:1). ഏശയ്യാ ഇപ്രകാരം വ്യക്തമാക്കുന്നു: ''വിശക്കുന്നവനുമായി ആഹാരം പങ്കിടുക, ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുക, നഗ്നരെ വസ്ത്രം ധരിപ്പിക്കുക എന്നതാണ് ഉപവാസം'' (58:67).

*'ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കാൻ'* (v. 34). അവകാശം എന്നത് അവസാനത്തെ വിൽപ്പത്രത്തിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന സ്വത്താണ്. ഇത് അറിയപ്പെടാത്ത സമ്മാനമാണ് എന്നതാണ് ഇവിടത്തെ പുതുമ. ലോകത്തിന്റെ ആരംഭം മുതൽ ദൈവം മനുഷ്യനായി തന്റെ രാജ്യം നൽകാൻ ആഗ്രഹിക്കുന്നു എന്നത് ഏറെ ആനന്ദം നൽകുന്നു.

*‘ഇവരിൽ ഏറ്റവും ചെറിയ എന്റെ സഹോദരന്മാർ’* (v. 40). ഗ്രീക്ക്: adelphon mou – എന്റെ സഹോദരന്മാർ. ആരാണ് ഈ അഡെൽഫോയ് – യേശു വിന്റെ സഹോദരന്മാരും (സഹോദരിമാരും)? മൂന്ന് സാധ്യതകളുണ്ട്:

1. ‘എന്റെ സഹോദരന്മാർ’ എന്നത് സഹായം ആവശ്യമുള്ള ഏതൊരു വ്യക്തിയെയും അർത്ഥമാക്കാൻ യേശു ഉദ്ദേശിച്ചതാകാം (പുറ. 22:22–27; സുഭാ. 19:17; 21:13; മർക്കോ. 10:21; ലൂക്കാ 16:19–25).

2. ‘എന്റെ സഹോദരന്മാർ’ എന്നതിന് സഹായം ആവശ്യമുള്ള ക്രിസ്ത്യാനികൾ എന്നും അർത്ഥമാവാം. പുതിയ നിയമത്തിൽ ക്രിസ്ത്യാനികളെ പരാമർശിക്കാൻ അഡെൽഫോസ് (സഹോദരൻ) പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട് (മത്താ. 12:50; 18:15, 17, 21, 35; 23:8; 28:10; യോഹ. 21:23; അപ്പ. 6:3; 9:30; 11:1; ഗലാ. 1:2; 1 കോറി. 5:11; ഫിലി. 1:14).

3. സുവിശേഷം പ്രഘോഷിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ക്രിസ്ത്യാനികൾ – സുവിശേഷകർ, മിഷനറിമാർ, സാധാരണ സാക്ഷികൾ എന്നതാകാം ഇവിടത്തെ ഒരു വിവക്ഷ. പന്ത്രണ്ടുപേരെ സുവിശേഷം പ്രഘോഷിക്കുന്നതിനുള്ള ദൗത്യത്തിന് അയച്ചപ്പോൾ യേശു നൽകിയ നിർദ്ദേശങ്ങൾക്ക് അനുസൃതമാണ് ഇത് (മത്താ. 10:9–10; 10:14–15; 10:40–42).

വചനഭാഗം യേശുവിന്റെ വിടവാങ്ങൽ പ്രഭാഷണം എന്ന രീതിയിൽ ശ്രദ്ധേയമാണ്. ദൈവരാജ്യപ്രവേശനത്തിന് നിയതമായ നിയമങ്ങൾ ഇവിടെ ഇല്ല. ഏക മാനദണ്ഡം എളിയവരോടുള്ള പരിഗണനയാണ്. അനുഷ്ഠാനകേന്ദ്രീകൃതമായ ജീവിതമല്ല ദൈവപ്രീതിക്ക് കാരണം മറിച്ചു വ്യക്തികളോടുള്ള കാരുണ്യമാണ്.